(ഡി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിൽ കേന്ദ്ര സഹായ പദ്ധതി പ്രകാരം ഇപ്പോൾ തന്നെ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. ദേശീയ ക്ഷീര വികസന ബോർഡിന്റെ ധനസഹായത്തോടുകൂടി സംസ്ഥാനമൊട്ടാകെ ഈ പദ്ധതി നടപ്പിലാക്കുന്നതാണ്.

കയർമേഖല നേരിടുന്ന പ്രതിസന്ധി

122 [426] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കയർ മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കാമോ;

(ബി) തൊണ്ടിന്റെയും ചകിരിയുടെയും ദൗർലഭ്യം പരിഹരിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിനകത്തു നിന്നുതന്നെ കയർ മേഖലയ്ക്കാവശ്യമായ തൊണ്ട് ലഭ്യമാണോ; ഇതു സംബന്ധിച്ച എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ഡി) ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് ചകിരി ഇറക്കുമതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ എവിടെനിന്നെല്ലാമാണ് ഇറക്കുമതി ചെയ്യുവാനുദ്ദേശിക്കുന്നത്;

(എഫ്) കെട്ടിക്കിടക്കുന്ന കയറും കയറുല്പന്നങ്ങളും വിറ്റഴിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ ആന്റ് ബി) സംസ്ഥാനത്തെ കയർ മേഖല നേരിടുന്ന പ്രധാന പ്രതിസന്ധി ചകിരിയുടെ ദൗർലഭ്യമാണ്. ഇത് അടിയന്തിരമായി പരിഹരിക്കാൻ കർണ്ണാടകത്തിൽ നിന്നും ലക്ഷദ്വീപിൽ നിന്നും ചകിരി കയർ കോർപ്പറേഷൻ വഴിയും കയർഫെഡ് വഴിയും കൊണ്ടുവരുന്നു. കയറ്റുമതിക്കെതിരെ ഇറക്കുമതി എന്ന പദ്ധതി പ്രകാരം ശ്രീലങ്കയിൽ നിന്നും ചകിരി ഇറക്കുമതി ചെയ്യുന്നതിന് കയർഫെഡും കയർ കോർപ്പറേഷനും ഫോമിലും ആലോചിച്ചു വരുന്നു. സഹകരണ മേഖലയിലുള്ള ഡീഫൈബറിംഗ് യൂണിറ്റുകളെ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. ചകിരിയുടെ ദൗർലഭ്യം കണക്കിലെടുത്ത്, സ്വകാര്യമേഖലയിലെ യന്ത്രവൽകൃത ഡീഫൈബറിംഗ് യൂണിറ്റുകൾക്കും പ്രത്യേക സബ്സിഡിയായി യന്ത്രസാമഗ്രിയുടെ വിലയുടെ 50 ശതമാനം 5 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി നൽകുന്നതാണ്. കൂടാതെ ചകിരി ശ്രീലങ്കയിൽനിന്ന് താൽക്കാലികമായെങ്കിലും ഇറക്കുമതിച്ചുങ്കം ഒഴിവാക്കിക്കൊണ്ട് ഇറക്കുമതി ചെയ്യുന്നതിനനുമതിക്കായി കേന്ദ്ര ഗവൺമെന്റിനോടഭ്യർത്ഥിച്ചിട്ടുണ്ട്. ലക്ഷദ്വീപിൽ നിന്നും തൊണ്ട് കൊണ്ടുവരുവാനുള്ള ശ്രമങ്ങൾ നടത്തിയിരുന്നുവെങ്കിലും ഫലവത്തായില്ല. തൊണ്ട്, ചകിരി ഇവ സംഭരിക്കുന്നതിന് 2004-2005-ലെ ബഡ്ജറ്റിൽ 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കെട്ടിക്കിടക്കുന്ന കയറും കയർ ഉൽപ്പന്നങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

വിറ്റഴിക്കുന്നതിന് ഡിസ്ട്രസ് പർച്ചേസ് പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ വിപണിക്ക് അനുയോജ്യമായ കയർ ഉൽപ്പാദിപ്പിക്കുന്നതിന് 1/4 എച്ച്.പി. മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത റാട്ടിൽ ആവശ്യമായ പരിശീലനം നൽകി വരുന്നു. കയർ വ്യവസായത്തിൽ സഹകരണ വൽക്കരണത്തിന് കയർ രംഗത്ത് അത്യുൽപ്പാദനശേഷിയുള്ള നൂതന യന്ത്രങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള പദ്ധതിക്കും വിഭാവനം ചെയ്തിട്ടുണ്ട്. എം. ഇ. പി., പി. പി. ഇ. എസ്. എന്നിവ പുനരാരംഭിക്കുക, സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം, കയർ തൊഴിലാളികളുടെ ക്ഷേമനിധി ബോർഡിന് ധനസഹായം, ഗവേഷണ വികസനത്തിനായി നാഷണൽ കയർ റിസേർച്ച് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക, എം.ഡി.എ.-യ്ക്ക് കൂടുതൽ തുക അനുവദിക്കുക എന്നീ ആവശ്യങ്ങൾ കാണിച്ചുകൊണ്ട് മന്ത്രിതലത്തിൽ കേന്ദ്ര ഗവൺമെന്റിനോടാവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഇതിനുമാത്രമായി ഒരു പഠനം നടത്തിയിട്ടില്ല. എന്നാൽ കയർ ബോർഡ് നടത്തിയ പഠനത്തിൽ സംസ്ഥാനത്ത് ലഭ്യമായ തൊണ്ടിന്റെ 40 ശതമാനം മാത്രമേ ഇപ്പോൾ വിനിയോഗിക്കപ്പെടുന്നുള്ളു എന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്.

(ഡി ആന്റ് ഇ) ഇറക്കുമതിച്ചുങ്കം ഒഴിവാക്കി താൽക്കാലികമായി, ശ്രീലങ്കയിൽ നിന്നും ചകിരി ഇറക്കുമതി ചെയ്യുവാനുള്ള അനുമതിക്കായി കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(എഫ്) കെട്ടിക്കിടക്കുന്ന കയറും കയറുല്പന്നങ്ങളും വിറ്റഴിക്കുന്നതിന് ഡിസ്ട്രസ് പർച്ചേസ് പദ്ധതി നടപ്പിലാക്കി വരുന്നു.

ഗ്രാമപഞ്ചായത്തുകൾക്ക് കയർ തൊഴിലാളി ക്ഷേമബോർഡ് നൽകുന്ന ധനസഹായം

123 [427] ശ്രീ. ജോർജ് ജെ. മാത്യു:

„ കെ. അച്യുതൻ:

„ തമ്പാനൂർ രവി:

„ കെ. പി. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ തൊഴിലാളികൾ കൂടുതലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് ധനസഹായം നൽകുന്നുണ്ടോ;

(ബി) എങ്കിൽ എന്തിനുവേണ്ടിയാണ് ഈ ധനസഹായം നൽകുന്നത്;

(സി) ഇത് നൽകുന്നത് ഏതെങ്കിലും വ്യവസ്ഥകൾക്ക് വിധേയമായാണോ; എങ്കിൽ വിശദാംശം വ്യക്തമാക്കുക;

(ഡി) ഏതെല്ലാം ഗ്രാമപഞ്ചായത്തുകൾക്കാണ് ഈ ധനസഹായം നൽകുന്നത്;

(ഇ) എന്ത് തുകയാണ് ഓരോ ഗ്രാമപഞ്ചായത്തിനും നൽകുന്നത്?

LIBRARY ARCHIVES Kerala Legislative Assembly